സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട് വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ച് പണം തട്ടിയ കേസിൽ പ്രതി അറസ്റ്റിൽ. കൊല്ലം തടിക്കാട് മംഗലത്ത്ജംഗ്ഷൻ വലിയക്കാട് വീട്ടിൽ ശബരി (35) യെയാണ് പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. 2016 ൽ ആണ് സമൂഹ മാധ്യമം വഴി ഇയാൾ യുവതിയെ പരിചയപ്പെടുന്നത്. തുടർന്ന് പ്രണയം നടിച്ച് വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുകയായിരുന്നു. രണ്ട് ലക്ഷം രൂപ യുവതിയിൽ നിന്ന് വാങ്ങിയെന്നും പരാതിയിൽ പറയുന്നു.